# കേരളസർവകലാശാല

നം.പി.ആർ.187/2020

ഫോൺ: 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2020 ഒക്ടോബർ 12 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് (ഡി.റ്റി.എസ്.) പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ഒക്ടോബർ 5 ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.) പരീക്ഷയുടെ (2014സ്കീം – റെഗുലർ, സപ്ലിമെന്ററി, 2012 & 2013 അഡ്മിഷൻ) (2011 സ്കീം – സപ്ലിമെന്ററി, 2006 സ്കീം – മേഴ്സി ചാൻസ്) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### എസ്.ബി മോപ്പസ് – ധാരണാപത്രം

കേരളസർവകലാശാലയിൽ രണ്ടാമത്തെ മെച്ചപ്പെട്ട ഓൺലൈൻ പേയ്മെന്റ് ദ്വാരപഥമായ "എസ്.ബി.മോപ്പസ്" നടപ്പിലാക്കുന്നതിന് മുന്നോടിയായി രജിസ്ട്രാർ ഡോ.സി.ആർ.പ്രസാദും എസ്.ബി.ഐ. യുടെ പാളയം ക്യാമ്പസ് ശാഖ ചീഫ് മാനേജർ ശ്രീമതി.ആർ.രശ്മി നായരും തമ്മിൽ ധാരണാപത്രം ഒപ്പുവച്ചു. തദവസരത്തിൽ ഫിനാൻസ് ഓഫീസർ ശ്രീ.ആർ.മഹാദേവൻ സന്നിഹിതനായിരുന്നു. എസ്.ബി.ഐ.യുടെ മുംബൈ ആസ്ഥാനത്തിൽ നിന്നും അനുമതി കിട്ടുന്ന മുറയ്ക്ക് സർവകലാശാല വെബ്സൈറ്റിൽ പുതിയ ഓൺലൈൻ സേവനം അടുത്ത മാസം മുതൽ ലഭിച്ചു തുടങ്ങും.

### പരീക്ഷാഫീസ്

സർവകലാശാലയുടെ കാര്യവട്ടത്തുള്ള സൈക്കോളജി വിഭാഗം നടത്തുന്ന പി.ജി.ഡിപ്ലോമ ഇൻ കൗൺസിലിംഗ് (ജറിയാട്രിക്സ്) സപ്ലിമെന്ററി (2018–19) പരീക്ഷയ്ക്ക് പിഴകൂടാതെ ഒക്ടോബർ 6 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 9 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 13 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

2019 ജൂലൈയിൽ നടന്ന ആറാം സെമസ്റ്റർ ബി.ഡെ.സ്സ്., ഡിസംബറിൽ നടന്ന ഏഴാം സെമസ്റ്റർ ബി.ഡെ.സ്സ്. എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 14 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഡിസംബറിൽ നടത്തിയ രണ്ടാം വർഷ ബി.ഫാം. (സപ്ലിമെന്ററി), 2020 ജനുവരിയിൽ നടത്തിയ മൂന്നാം വർഷ ബി.ഫാം. (സപ്ലിമെന്ററി) എന്നീ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്പരിശോധനയ്ക്കും ഒക്ടോബർ 15 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**

**28.09.2020**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**